കുന്നേരം ആറുവരെ മാത്രമേ വാഹനങ്ങൾ കടത്തിവിടൂ.

ഗ്യാപ് റോഡിലൂടെ യാത്ര ചെയ്യുന്നവർ അതീവ ജാഗ്രത പാലിക്കണമെന്ന് നിർദേശം നൽകി. രാത്രിയിൽ ഗതാഗത നിയന്ത്ര

മേഖലയിൽ മഴ കുറവായതിനാലാണ് റോഡ് തുറന്നുകൊടുക്കാനായത്. മഴ തുടർന്നാൽ വീണ്ടും ഗതാഗതം പൂർണമായി നിയന്ത്രിക്കേണ്ടിവരുമെന്ന് ദേശീയപാത എൻജിനീയർ റെക്സ് ഫെലിക്സ് പറഞ്ഞു.

# സെയ്ന്റ്ഗിറ്റ്സ് കോളേജുകൾക്ക് വീണ്ടും നാക്, എൻ.ബി.എ. അക്രഡിറ്റേഷൻ

Mathrubhumi 11-07-2023 (Page No.02)

**കോട്ടയം ▸** സെയ്ന്റ്ഗിറ്റ്സ് കോളേജുകൾക്ക് ദേശീയതലത്തിലുള്ള നാക്, എൻ.ബി.എ. അക്രഡിറ്റേഷൻ അംഗീകാരങ്ങൾ വീണ്ടും ലഭിച്ചു. നാഷണൽ അസ്സസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ (എൻ.എ.എ.സി.) എ ഗ്രേഡ് സെയ്ന്റ്ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് കിട്ടി.

ഭൗതിക സാഹചര്യങ്ങൾ, അധ്യാപക മേന്മ, വിദ്യാർഥികളുടെ നിലവാരം, പഠനരീതികൾ, ഗവേഷണ സൗകര്യങ്ങൾ, പ്ലേസ്മെന്റ് തുടങ്ങിയവ വിലയിരുത്തിയാണ് അംഗീകാരം. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജ് ഉന്നത വിജയശതമാനം വർഷങ്ങളായി നിലനിർത്തുന്നു.

ബിരുദ കോഴ്സുകളിൽ ഒട്ടേറെ റാങ്കുകൾ കരസ്ഥമാക്കി. വിവിധ ബിരുദകോഴ്സുകളിൽ സർവകലാശാലയിലെ ആദ്യ മൂന്ന് യൂണിവേഴ്സിറ്റി റാങ്കുകളും കരസ്ഥമാക്കി എന്ന അപൂർവനേട്ടം ഉൾപ്പെടെ നേടി.

സെയ്ന്റ്ഗിറ്റ്സ് എൻജിനീയറിങ് കോളേജിലെ എം.സി.എ. കോഴ്സ് വീണ്ടും എൻ.ബി.എ. അക്രഡിറ്റേഷൻ കരസ്ഥമാക്കി. 2017 മുതൽ ന്യൂഡൽഹി നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ(എൻ.ബി.എ), അക്രഡിറ്റഡ് പദവിയുള്ള കോഴ്സിന് വീണ്ടും മൂന്നുവർഷത്തേക്ക് കൂടിയാണ് അംഗീകാരം കിട്ടിയത്. ഓട്ടോണോമി (സ്വയംഭരണം) ലഭിച്ച കേരളത്തിലെ ചുരുക്കം കലാലയങ്ങളിലൊന്നായ സെയ്ന്റ്ഗിറ്റ്സ്, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തെ സൂക്ഷ്മാംശങ്ങളിൽ പോലും പുലർത്തുന്ന ഗുണനിലവാരമാണ് സെയിന്റ്ഗിറ്റ്സിന്റെ തുടർവിജയങ്ങളുടെ പിന്നിലെ അടിസ്ഥാനപാഠമെന്ന് സെയ്ന്റ്ഗിറ്റ്സ് ഡയറക്ടർ തോമസ് ടി.ജോൺ പറഞ്ഞു.

നാക്, എൻ.ബി.എ. അംഗീകാരങ്ങൾ നേടിയ കോളേജിലെ അധ്യാപകരെയും വിദ്യാർഥികളെയും സെയ്ന്റ്ഗിറ്റ്സ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ പുന്നൂസ് ജോർജ് അഭിനന്ദിച്ചു.

# കളിലും കന്നുകുട്ടി പരിപാലനകേന്ദ്രം